# കുരിശിന്റെ വഴി (പഴയത്)

### പ്രാരംഭ ഗാനം

ഈശോയേ ക്രൂശും താങ്ങി-
പോയ നിന്റെ അന്ത്യയാത്രയിതിൽ
കന്നിമേരി-യമ്മയോടും
ചേർന്നുനിന്നെയനുഗമിച്ചീടുന്നു ഞങ്ങൾ

സ്വർഗ്ഗീയ-മാർഗ്ഗമിതിൽ
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിക്കാൻ
നീ തുണയ്ക്ക, നിനക്കവ കാഴ്ചവച്ചീടാം

### ഒന്നാം സ്ഥലം

പീലാത്തോസ് - അന്യായമായ്
ഈശോയേ കൊല്ലുവാനായ് വിധിച്ചു
നമ്മുടെ വൻ - പാപഗണം
കാരണമായിതിനെന്നു ധ്യാനിച്ചീടുക

ന്യായേശാ പാപികളാം
ഞങ്ങളെ നീ വിധിച്ചീടും നാളിൽ
നീതിപോലെ ചെയ്യരുതേ!
കാരുണ്യത്തോടെ ഞങ്ങളെ തൃക്കൺപാർക്കണേ

### രണ്ടാം സ്ഥലം

യൂദന്മാർ ഭാരമേറും
ക്രൂശിതന്റെ തിരുത്തോളിലേറ്റി
സോദരരേ താൻ ചുമക്കും
ക്രൂശു നമ്മൾ ചെയ്ത പാപഭാരമല്ലയോ

നാഥാ ഈ ജീവിതത്തിൽ
ക്രൂശുകളാം ബഹുക്ലേശങ്ങളെ
മോദമോടെ കൈക്കൊൾവാനും
സഹിക്കാനും ഞങ്ങളെ നീ ശക്തരാക്കണേ

### മൂന്നാം സ്ഥലം

ഭാരത്താൽ ക്ഷീണിച്ചു താൻ
പാറമേൽ കാൽ തട്ടി വീഴുന്നയ്യോ
സ്നേഹിതരെ പാപങ്ങളിൽ
ആദ്യമായി നാം വീണതിതിൻ കാരണമല്ലോ

കർത്താവേ, നിൻ പ്രമാണ
ലംഘനത്താൽ ഞങ്ങൾ പാപചേറ്റിൽ
വീഴാതെ ലോകവാസം
സ്വർഗ്ഗരാജ്യ പ്രദമാക്കാൻ നീ സഹായിക്ക

### നാലാം സ്ഥലം

കണ്ടാലും മാർഗ്ഗമധ്യേ
കന്നിമേരി അമ്മ തൻ സുതനെ
കാണുന്നിതാ എത്രമാത്രം
മർമ്മഭേദകമീ  കൂടിക്കാഴ്ച ഹാ കഷ്ടം

മാതാവേ കോമളൻ നിൻ
പുത്രനിതാ തിരിച്ചറിഞ്ഞോ നീ
തന്നോടിത്ര നീചമായി
ചെയ്തവരീ ഞങ്ങളാണേ ക്ഷമിക്കണമേ

### അഞ്ചാം സ്ഥലം

ക്രൂശേവം താൻ ചുമന്നാൽ
ജീവനോടെ തന്നെ ക്രൂശിക്കുവാൻ
സാധ്യമല്ല എന്നോർത്തവർ
സ്ലീവാ ചുമക്കാൻ ശീമോനെ നിയോഗിക്കുന്നു

ശീമോനെ പോലെ ഞങ്ങൾ
നിൻ പുറകേ ക്രൂശും താങ്ങിക്കൊണ്ട്
വന്നീടട്ടെ യേശുനാഥാ
ഭാഗ്യവാന്മാരായീടട്ടെ നിൻ കാരുണ്യത്താൽ

**ആറാം സ്ഥലം**

സ്വർഗ്ഗീയ ദീപ്തി ചിന്തും
സുന്ദരമാം മുഖം മ്ലാനമായി
ഭക്തയായ വേറോനിക്ക
സ്നേഹഭക്ത്യാ തുടയ്ക്കുന്നു തൻ തിരുമുഖം

പാപത്താൽ മ്ലാനമായ
ഞങ്ങളുടെ ദേഹിദേഹങ്ങളെ
ശുദ്ധിയാക്കി നിൻ മുഖത്തിൽ
ഛായയെ നീ മുദ്രിതമാക്കണമവയിൽ

**ഏഴാം സ്ഥലം**

വീണ്ടും താൻ ക്രൂശിൻ കീഴായ്
വാടിത്തളർന്നിതാ വീഴുന്നയ്യോ!
ചന്തമേറും തന്മുഖവും
കൈകാൽകളും കല്ലിൽത്തട്ടി പൊട്ടിക്കീറുന്നു

ഈശോയെ വീണ്ടും ഞങ്ങൾ
ചാവുദോഷത്തിൽ വീണതിനാൽ
അല്ലയോ നീ വീണതേവം
ഞങ്ങളെ നിൻ തൃക്കൈനീട്ടി രക്ഷിക്കേണമേ

**എട്ടാം സ്ഥലം**

കർത്താവിൻ പീഢകളെ
കണ്ടതുലം സഹതാപമോടെ
ഭക്തസ്ത്രീകൾ കേണിടുന്നു
ആശ്വസിപ്പിച്ചീടുന്നു താനവരെയേവം

ഓർശ്ലേമിൻ പുത്രികളെ
എന്നെയോർത്തു നിങ്ങൾ കേഴേണ്ടൊട്ടും
നിങ്ങളെയും നിങ്ങളുടെ
മക്കളെയും ഓർത്തു നിങ്ങൾ പ്രലപിക്കുവിൻ

**ഒൻപതാം സ്ഥലം**

ദിവ്യാഭ ചിന്തിടുന്ന
നിന്മുഖാബ്ജം കുത്തി മൂന്നാമതും
വീഴുന്നീശോ നീചർയൂദർ
നാലുപാടും വലിക്കുന്നു ചവിട്ടുന്നയ്യോ

ചേറ്റിലൊരു റോസാപ്പൂപോൽ
വീണുഴലും മമ ജീവനാഥാ
ഘോരമായ നിത്യാഗ്നിയിൽ
വീണിടാതെ ഞങ്ങളെ നീ രക്ഷിക്കേണമേ

**പത്താം സ്ഥലം**

ചെന്നായ്ക്കൾ കുഞ്ഞാടിന്റെ
തോലുരിഞ്ഞു മാന്തികീറുമ്പോലെ
രക്തം മൂലം ദേഹത്തോട്
ഒട്ടിച്ചേർന്ന വസ്ത്രമവർ ഉരിഞ്ഞീടുന്നു

മാമ്മോദീസ കൈക്കൊണ്ടപ്പോൾ
ഞങ്ങൾക്കു നീ തന്ന വെള്ളവസ്ത്രം
ദൈവേഷ്ടമാം ദിവ്യവസ്ത്രം
നഷ്ടമാക്കീടായ് വാൻ ശക്തിനൽകേണം നാഥാ

**പതിനൊന്നാം സ്ഥലം**

സ്ലീവാമേൽ തൻ കിടന്നു
യൂദർ കൈകാലുകളാണികളാൽ
ക്രൂശിൽ ചേർത്തു തറയ്ക്കുന്നു
പ്രാണ വേദനയാലീശോ വിലപിക്കുന്നു

ചുറ്റികയിൽ ശബ്ദവും താൻ
ആർത്തനാദവും മുഴുങ്ങുന്നിതാ
ഈശോയേ ഘാതകരാം
ഞങ്ങളെ നീ ശിക്ഷിക്കല്ലേ രക്ഷിക്കേണമേ

| | |
|---|---|
| **പന്ത്രണ്ടാം സ്ഥലം**<br><br>ക്രൂശിന്മേൽ ആണികളിൽ<br>നഗ്നനായി തൂങ്ങി മരിക്കുന്നീശോ<br>പ്രീശന്മാരും സ്രെപ്പന്മാരും<br>താഴെ നിന്നു നിന്ദിച്ചു കൊണ്ടാനന്ദിക്കുന്നു<br><br>മാതാവും യോഹന്നാനും<br>മഗ്ദലേനയോടു ചേർന്നു നിൽക്കും<br>ക്രൂശിൻ താഴെ പോയി നിൽക്കാം<br>തന്റെ രക്തം വീണു നാമും നിർമ്മലരാകും | **പതിമൂന്നാം സ്ഥലം**<br><br>ചെന്താമര പുഷ്പാമൊരു<br>വെൺതാമര പൂവിൽ ചേർത്തതു പോൽ<br>തൻ സുതന്റെ പൂമേനിയെ<br>അമ്മ മടിയിൽ കിടത്തി ചുംബിക്കുന്നിതാ<br><br>മാതാവേ മൃതുവിങ്കൽ<br>നിൻ പുത്രർ ഞങ്ങളെ നിൻ മടിയിൽ<br>ചേർക്കുവാനും ഞങ്ങളുടെ<br>ആത്മാക്കളെ കൈക്കൊൾവാനും വന്നീടേണമേ |
| **പതിന്നാലാം സ്ഥലം**<br><br>നാഥന്റെ ദിവ്യദേഹം<br>സംസ്കരിച്ചീടുന്നു ശിഷ്യരിതാ<br>പാപത്തിൽ നാം ആത്മാവിനെ<br>താഴ്ത്തിയതല്ലയോ ഇതിൻ കാരണമോർപ്പിൻ<br><br>ഈശോയേ നിൻ കല്ലറ<br>ഭക്തിയോടെ മുത്തും ഞങ്ങളുടെ<br>ആത്മാക്കളെ മൃത്യുവിങ്കൽ<br>നിന്റെ ദിവ്യഹൃദയത്തിൽ സംസ്കരിക്കണേ | **സമാപനഗാനം**<br><br>മാതാവേ ഞങ്ങൾചെയ്ത<br>പുണ്യയാത്രയിതിൽ വന്നുപോയ<br>തെറ്റുകളെ നീക്കിയിത്<br>നിന്റെ പുത്രനിഷ്ടമുള്ളതാക്കിത്തീർക്കണേ<br><br>സ്വർഗ്ഗീയ താതാ നിന്റെ<br>ജാതൻ ക്രൂശാൽ സ്വർഗ്ഗമേറിയ പോൽ<br>ഞങ്ങളുമീ ക്രൂശുവഴി<br>സ്വർഗേ വാഴും നിൻ തൃപ്പാദം ചേരാൻ തുണക്ക |

*TMTM*